# LAITY VOICE

Syro Malabar Major Archiepiscopical Church

Commission for Laity

MARCH 2012

Volume: 2 No: 9




### വിശ്വാസി സമൂഹത്തിന്റെ പ്രാർത്ഥനാധ്വനികളുയർന്നപ്പോൾ

### കഴുത്തിൽ രുദ്രാക്ഷമാലയും കയ്യിൽ മാർത്തോമ്മാ കുരിശും ചുവന്ന മേലങ്കിയുമണിഞ്ഞ്

## സഭയുടെ രാജകുമാരൻ

# കർദ്ദിനാൾ ജോർജ് ആലഞ്ചേരി

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭയ്ക്ക്, പ്രത്യേകിച്ച് സീറോ മലബാർ വിശ്വാസികൾക്ക് ധന്യനിമിഷം. ബനഡിക്ട് പതിനാറാമൻ മാർപാപ്പ സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയെ കർദിനാൾ പദവിയിലേക്ക് ഉയർത്തി. വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ചടങ്ങിൽ മാർ ആലഞ്ചേരി ഉൾപ്പെടെ 22 പേരാണ് കർദിനാൾമാരായി അഭിഷിക്തരായത്.



പുതുതായി സ്ഥാനമേറ്റ കർദിനാൾമാരെ ചടങ്ങുനടക്കുന്ന വേദിവരെ ഓരോ സഹായികൾ അനുഗമിച്ചു. സീറോ മലബാർ കൂരിയ ചാൻസിലർ ഫാ.ആന്റണി കൊള്ളന്നൂരാണ് മാർ ആലഞ്ചേരിയെ വേദിയിലേക്ക് അനുഗമിച്ചത്. ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിയുക്ത കർദിനാൾമാരെ സ്ഥാനിക അടയാളങ്ങളായ ചുവന്ന തൊപ്പിയും മോതിരവും അണിയിച്ചു. സഭയുടെ രാജകുമാരപദവിയിലേക്ക് ഉയർത്തപ്പെട്ടതായുള്ള നിയമന ഉത്തരവും കർദിനാൾമാർക്ക് നൽകി. വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും ചിത്രത്തോടൊപ്പം കുരിശ് മുദ്രണംചെയ്ത 14 കാരറ്റ് സ്വർണമോതിരമാണ് മാർപാപ്പ അണിയിച്ചത്. സ്ഥാനമേൽക്കുന്ന കർദിനാൾമാർക്കു സ്ഥാനിക ദേവാലയവും മാർപാപ്പ പ്രഖ്യാപിച്ചു. റോമിലെ റിപ്പബ്ളിക് സ്ക്വയറിനു സമീപമുള്ള സെന്റ് ബർണാഡ് ഡെല്ലെടെം ദേവാലയമാണ് മാർ ആലഞ്ചേരിക്കു ലഭിച്ചത്. ദിവംഗതനായ കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ റോമിലെ സ്ഥാനികദേവാലയവും ഇതുതന്നെയായിരുന്നു. പുതിയ കർദിനാൾമാരെ അഭിഷിക്തരാക്കുന്ന ചടങ്ങുകൾ ഒന്നരമണിക്കൂർ നീണ്ടുനിന്നു.

മെത്രാൻപദവി ഇല്ലാത്ത മൂന്നുപേരെയും ഇത്തവണ കർദിനാൾ സംഘത്തിലേക്കു മാർപാപ്പ പ്രഖ്യാപിച്ചിരുന്നു. ഇതിൽ മാൾട്ടക്കാരനായ അഗസ്റ്റീനിയൻ വൈദികൻ പ്രോസ്പെർ ഗ്രെഹ് (86 വയസ്) ഫെബ്രുവരി എട്ടിനും ബൽജിയംകാരൻ ഫാ.ജൂലിയൻ റീസ് (91) ഫെബ്രുവരി 11-നും മെത്രാഭിഷേകം ചെയ്യപ്പെട്ടു.എന്നാൽ, ജർമൻ ഈശോസഭാ വൈദികനായ കാൾ യോസഫ് ബെക്കർ (83 വയസ്) വൈദികപദവിയിൽ തുടരാനായി ഇളവു നേടി. സഭാചട്ടമനുസരിച്ച്

(ശേഷം അടുത്ത പേജിൽ....)

## സീറോ മലബാർ സഭ അല്മായ സമ്മേളനങ്ങൾ ഓസ്ട്രേലിയയിൽ മാർച്ച് 1 മുതൽ 12 വരെ

### അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലും സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യനും പങ്കെടുക്കുന്നു.

കാൻബറ: സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയുടെ പ്രഥമ ഔദ്യോഗിക അല്മായ സന്ദർശനത്തിനും സമ്മേളനങ്ങൾക്കുമുള്ള ഒരുക്കങ്ങൾ ഓസ്ട്രേലിയയിൽ പൂർത്തിയായി. സഭയുടെ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യനും അല്മായ സന്ദർശനത്തിനും

(ശേഷം അടുത്ത പേജിൽ....)

ഒന്നാം പേജ് തുടർച്ച.....

പ്രത്യേക ഇളവു നൽകുന്നില്ലെങ്കിൽ കർദിനാൾമാർക്കു മെത്രാൻ പദവി വേണം.



*വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ പ്രധാന അൾത്താരയ്ക്കു സമീപമുള്ള ജോൺ 23-ാം മാർപാപ്പയുടെ കബറിടത്തിനു മുമ്പിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയോടൊപ്പം സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യനും കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിലും*

ഭാരത കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പും സിബിസിഐ വൈസ് പ്രസിഡന്റുമായ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, തലശേരി ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം, കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ഷിക്കാഗോ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ, എറണാകുളം- അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത്, സിഎംഐ പ്രിയോർ ജനറാൾ ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, കേന്ദ്രമന്ത്രി കെ.വി. തോമസ്, മന്ത്രി പി.ജെ. ജോസഫ്, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തത്തൽ, ജനപ്രതിനിധികൾ എന്നിവരും നിരവധി വൈദികരും സന്യസ്തരും മാർ ആലഞ്ചേരി യുടെ കുടുംബാംഗങ്ങളും റോമിൽ നിന്നും മറ്റു വിദേശരാജ്യങ്ങളിൽ നിന്നുമെത്തിയ ആയിരക്കണക്കിന് മലയാളികളും ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു. ചടങ്ങുകൾ നടന്ന ബസിലിക്കയിലേക്ക് പ്രവേശപാസ് ലഭിച്ചിട്ടില്ലാത്തവർക്കു ചടങ്ങുകൾ വീക്ഷിക്കാൻ പുറത്ത് ക്ലോസ്ഡ് സർക്യൂട്ട് ടിവി സൗകര്യം ഒരുക്കിയിരുന്നു.

ഈ കൺസിസ്റ്ററി (മാർപാപ്പയും കർദിനാൾമാരും ചേർന്ന സമ്മേളനത്തിന്റെ പേരാണിത്) യോടെ കർദിനാൾമാരുടെ സംഖ്യ 213 ആകും. ഇതിൽ 126 പേർ 80 വയസിൽ താഴെയുള്ളവരും മാർപാപ്പയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിൽ വോട്ടവകാശമുള്ളവരുമാണ്. കോൺക്ലേവിലെ പരമാവധി സംഖ്യ 120 എന്നു നിശ്ചയിച്ചിട്ടുണ്ട്. ജൂലൈ 26 ഓടെ ആറുപേർക്ക് 80 വയസാകുന്നതിനാൽ കോൺക്ലേവ് അംഗസംഖ്യ പ്രശ്നമാകാനിടയില്ല. ബനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനമേറ്റശേഷം ഇത് നാലാം തണയാണ് കർദിനാൾമാരെ നിയമിക്കുന്നത്.

ലോകമെമ്പാടുമുള്ള സീറോ മലബാർ സഭ അല്മായ സമൂഹത്തിന്റെ പ്രാർത്ഥനകളും ആശംസകളും റോമിൽ വെച്ച് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി.സെബാസ്റ്റ്യനും കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിലും കർദിനാളിന് നേർന്നു.

ഒന്നാം പേജ് തുടർച്ച.....

## സീറോ മലബാർ സഭ അല്മായ സമ്മേളനങ്ങൾ

സമ്മേളനങ്ങൾക്കുമായി മാർച്ച് ഒന്നാം തീയതി ഓസ്ട്രേലിയയിൽ എത്തിച്ചേരും. രണ്ടുഘട്ടങ്ങളായാണ് ഓസ്ട്രേലിയയിൽ അല്മായ കമ്മീഷന്റെ ഔദ്യോഗിക സന്ദർശനം. മാർച്ച് ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള പ്രഥമഘട്ടം പ്രധാനമായും കാൻബറെ, ബ്രിസ്ബെൻ, ടൗൺസ് വില്ല, മെൽബോൺ എന്നിവിടങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്.



മാർച്ച് ഒന്നാം തീയതി വൈകുന്നേരം സിഡ്നിയിലെത്തിച്ചേരുന്ന അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലിനേയും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യനേയും ഓസ്ട്രേലിയയിലെ സീറോ മലബാർ സഭ കോർഡിനേറ്റർ ഫാ.ഫ്രാൻസീസ് കോലഞ്ചേരിയുടെ നേതൃത്വത്തിൽ സ്വീകരിക്കും. 2, 3 തീയതികളിൽ കാൻബറേയിൽ ദിവ്യബലിയും ഔദ്യോഗിക സന്ദർശനങ്ങളും അല്മായ സമ്മേളനവും നടക്കും. ഓസ്ട്രേലിയയിലെ വത്തിക്കാൻ സ്ഥാനപതി, ഇന്ത്യൻ ഹൈക്കമ്മീഷണർ, വിവിധ രൂപതകളിലെ ആർച്ച്ബിഷപ്പുമാർ, ബിഷപ്പുമാർ എന്നിവരുമായി മാർ അറയ്ക്കൽ കൂടിക്കാഴ്ച നടത്തും.



മാർച്ച് 4ന് ബ്രിസ്ബെനിൽ അല്മാ യ സമ്മേളനത്തിനും സന്ദർശന പരിപാടികൾക്കും ഫാ.തോമസ് അരീക്കുഴി നേതൃത്വം നൽകും.

5 മുതൽ 8 വരെ ടൗൺസ് വില്ലയിൽ വിവിധ പരിപാടികൾ ഫാ.ജോസ് കോയിക്കലിന്റെ നേതൃത്വത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

9 മുതൽ 12 വരെ മെൽബോണിലെ വാഗ്ബിന, ഓക് പാർക്ക്, ഡോവ്ട്ടൺ എന്നീ മൂന്നു കേന്ദ്രങ്ങളിലാണ് അല്മായ സമ്മേളനങ്ങൾ. ആർച്ച്ബിഷപ് ഡെന്നീസ് ഹാർട്ട് മാർ അറയ്ക്കലിനെ സ്വീകരിക്കും. മെൽബോണിലെ



സമ്മേളനങ്ങളും സെമിനാറുകളും കൂടിക്കാഴ്ചകളും ഫാ. പീറ്റർ കാവുംപുറത്തിന്റെ നേതൃത്വത്തിൽ നടക്കും.

ലോകമെമ്പാടുമുള്ള സീറോ മലബാർ സഭയിലെ വിശ്വാസിസമൂഹത്തെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുക എന്നതാണ് അല്മായ സന്ദർശനങ്ങളുടെയും സമ്മേളനങ്ങളുടെയും ലക്ഷ്യമെന്ന് സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

# പ്രേഷിതവർഷം

## നോർത്ത് ഇൻഡ്യൻ മിഷൻ സെമിനാർ

ഭോപ്പാൽ: സീറോ മലബാർ സഭ പ്രേ ഷിതവർഷാചരണ കമ്മറ്റിയുടേയും സഭയുടെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ മാർച്ച് 26മുതൽ 28വരെ ഭോപ്പാലിൽ വച്ച് പ്രേഷിതവർഷ സെമിനാർ സംഘടിപ്പിക്കുന്നു. “ഭാരത മിഷൻ രംഗത്ത് സീറോ മലബാർ സഭയുടെ സംഭാവനകൾ” എന്നതാണ് സെമിനാർ വിഷയം. പൂർണ്ണോദയാ ട്രെയിനിംഗ് സെന്ററും സമന്വയ തിയോളജിക്കൽ കോളജും സെമിനാറിന് നേതൃത്വം നൽകും.

26ന് വൈകുന്നേരം 6 മണിക്ക് സിഎംഐ പ്രിയോർ ജനറാൾ റവ.ഡോ.ജോസ് പന്തപ്ലാംതൊട്ടിയിലിന്റെ അദ്ധ്യക്ഷതയിൽ ഭോപ്പാൽ ആർച്ച്ബിഷപ് ലിയോ കൊമിലിയോ സെമിനാർ ഉദ്ഘാടനം ചെയ്യും. മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ മുഖ്യപ്രഭാഷണം നടത്തും. റവ.ഡോ.പോൾ കല്ലുവീട്ടിൽ, റവ.ഡോ.പോൾ വിതയത്തിൽ, റവ.ഡോ.തോമസ് കൊച്ചുതറ, റവ.ഡോ. തോമസ് കൊച്ചുമുട്ടം, സിസ്റ്റർ മാഗി സിഎംസി, റവ.ഡോ.ജോർജ് തഞ്ചൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. റവ.ഡോ. പോൾ വിതയത്തിലിന്റെ നേതൃത്വത്തിൽ വിപുലമായ സംഘാടകസമിതി പ്രവർത്തിക്കുന്നു.

# വികാരിയാത്തുകളുടെ രൂപീകരണം–പശ്ചാത്തലവും പ്രസക്തിയും

ഫാ.ജോസഫ് കൊല്ലറ



**ഇന്നത്തെ സീറോ മലബാർ സഭയുടെ സ്വതന്ത്രമായ വളർച്ചയ്ക്കും നവോത്ഥാനത്തിനും നാന്ദികുറിച്ചുകൊണ്ട് 1887 മെയ് 20ന് ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ Quod iampridem എന്ന തിരുവെഴുത്ത് പുറപ്പെടുവിച്ചു. അതുവഴി സുറിയാനിക്കാരെ വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള ലത്തീൻ ഭരണത്തിൽനിന്നും വേർതിരിച്ച് അവർക്കു സ്വന്തമായി കോട്ടയം, തൃശൂർ എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചുകിട്ടി. പ്രസ്തുത വികാരിയാത്തുകളുടെ രൂപീകരണത്തിന്റെ പശ്ചാത്തലവും പ്രസക്തിയുമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യ വിഷയം.**

## 1.ചരിത്ര പശ്ചാത്തലം

മൂന്നു വിഭാഗങ്ങളിൽപ്പെടുവരാണ് ഇന്ത്യയിലെ ഇന്നത്തെ കത്തോലിക്കാസഭാംഗങ്ങൾ:

1. **സീറോ മലബാർ റീത്തുകാരായ പൗരസ്ത്യ ക്രിസ്ത്യാനികൾ**
2. **പോർട്ടുഗീസ് പദ്രു വാദോയുടെയും പ്രൊപ്പഗാന്തയുടെയും ഭരണത്തിൻ കീഴിൽ രൂപംകൊണ്ട ലത്തീൻസഭാവിഭാഗം**
3. **സീറോ മലങ്കര റീത്തിൽപെട്ട പൗരസ്ത്യ ക്രിസ്ത്യാനികൾ.**

ഇവയിൽ ആദ്യവിഭാഗത്തിൽപെട്ട സീറോ മലബാർ റീത്തുകാരായ പൗരസ്ത്യ ക്രിസ്ത്യാനികളാണ് നമ്മുടെ പരാമർശവിഷയം. സീറോ മലബാർ വികാരിയാത്തുകളുടെ ചരിത്രപശ്ചാത്തലം നാം വിലയിരുത്തുന്നത് പാശ്ചാത്യമിഷനറിമാരുമായുള്ള അവരുടെ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പുള്ള മാർത്തോമ്മാ നസ്രാണികളുടെ സഭാപൈതൃകത്തെയും, പോർച്ചുഗീസ് ഭരണകാലത്ത് നഷ്ടപ്പെട്ട അവരുടെ സഭാപാരമ്പര്യങ്ങളെയും, പോർച്ചുഗീസ് ഭരണകാലത്തിനുശേഷം വീണ്ടെടുക്കപ്പെട്ട മാർത്തോമ്മാ നസ്രാണികളുടെ സഭാപൈതൃകത്തെയുമാണ് ചരിത്രപശ്ചാത്തലത്തലത്തിൽ നാം വിശകലനം ചെയ്യുക.

### 1.1. പോർച്ചുഗീസ്സുകാരുടെ ആഗമനത്തിനു മുമ്പ്

ഈശോയുടെ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി രൂപംകൊണ്ട ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണിസഭ 15 നൂറ്റാണ്ടുകൾ ഇവിടെ സജീവമായി വളർന്നുവന്നു. ഇവർ, 'സംസ്കാരത്തിൽ ഭാരതീയരും വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനക്രമത്തിൽ പൗരസ്ത്യരുമായിരുന്നു', (Hindu in culture Christian in religion and oriental in worship). ഇപ്രകാരം മാർത്തോമ്മാ നസ്രാണികൾ രൂപം കൊടുത്ത സഭാജീവിതശൈലി മാർ ത്തോമ്മാ മാർഗ്ഗം എന്ന പേരിൽ അറിയപ്പെട്ടു.

മാർത്തോമ്മാശ്ലീഹയുടെ പൊതുപൈതൃകം പേറുന്ന സഹോദരീ സഭകൾ എന്ന നിലയിൽ പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയുമായി ഇന്ത്യയിലെ സഭയ്ക്ക് ബന്ധമുണ്ടായിരുന്നു. പേർഷ്യയിൽനിന്ന് എത്തിയിരുന്ന മെത്രാന്മാരായിരുന്നു നസ്രാണികൾക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകിയത്. ഈ മെത്രാന്മാർ 'അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും കവാടവും' എന്ന സ്ഥാനപ്പേരിലാണറിയപ്പെട്ടത്. വിദേശികളായ മെത്രാന്മാർ ആദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നിയപ്പോൾ നസ്രാണികൾക്ക് സഭാത്മകവും സാമൂഹികവുമായ നേതൃത്വം നൽകുകയും അവരുടെ അവകാശസംരക്ഷണത്തിനായി നിലകൊള്ളുകയും ചെയ്തിരുന്നത് അവരുടെ 'ജാതിക്ക് കർത്തവ്യനാ'യിരുന്ന ആർച്ചുഡീക്കനായിരുന്നു.

**മാർത്തോമ്മാശ്ലീഹയുടെ പൊതുപൈതൃകം പേറുന്ന സഹോദരീ സഭകൾ എന്ന നിലയിൽ പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയുമായി ഇന്ത്യയിലെ സഭയ്ക്ക് ബന്ധമുണ്ടായി രുന്നു. പേർഷ്യയിൽനിന്ന് എത്തിയിരുന്ന മെത്രാന്മാരായിരുന്നു നസ്രാണികൾക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകിയത്. ഈ മെത്രാന്മാർ 'അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും കവാടവും' എന്ന സ്ഥാനപ്പേരിലാണറിയപ്പെട്ടത്. വിദേശികളായ മെത്രാന്മാർ ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നിയപ്പോൾ നസ്രാണികൾക്ക് സഭാത്മകവും സാമൂഹികവുമായ നേതൃത്വം നൽകുകയും അവരുടെ അവകാശസംരക്ഷണത്തിനായി നിലകൊള്ളുകയും ചെയ്തിരുന്നത് അവരുടെ 'ജാതിക്ക് കർത്തവ്യനാ'യിരുന്ന ആർച്ചുഡീക്കനായിരുന്നു.**

മാർത്തോമ്മാ നസ്രാണികളുടെ സഭാഭരണ സംവിധാനം അനന്യവും പ്രത്യേകം എടുത്തു പറയേണ്ടതുമാണ്. ഇടവകയിലെ വൈദികരും അല്മായരുമുൾപ്പെട്ട ദൈവജനത്തിന്റെ ഔദ്യോഗിക സമ്മേളനമായിരുന്നു പള്ളിയോഗം. ഇടവകയിലെ ദൈവജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതത്തെ സ്പർശിക്കുന്ന കാര്യങ്ങളായിരുന്നു പള്ളിയോഗത്തിന്റെ ചർച്ചാവിഷയം. ഓരോ പ്രദേശത്തെയും ക്രൈസ്തവ സമൂഹങ്ങളെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നങ്ങൾ ആ പ്രദേശത്തെ വിവിധ പള്ളികളിലെ പ്രതിനിധികൾ ഒിച്ചുചേർന്ന് ചർച്ചചെയ്തിരുന്നു. ഇതിനെ പ്രാദേശികയോഗം (Regional Yogam) എന്നു വിളിച്ചിരുന്നു. മാർത്തോമ്മാ നസ്രാണികളെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങൾ എല്ലാ പള്ളികളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന മഹായോഗമാണ് (General Church Assembly) ചർച്ചചെയ്തിരുന്നത്. ആർച്ചുഡീക്കനായിരുന്നു മഹായോഗത്തിന്റെ അദ്ധ്യക്ഷൻ.

ഇവിടുത്തെ ഭരണാധികാരികളായിരുന്ന രാജാക്കന്മാരുമായി നസ്രാണികൾ സുദൃഢമായ ബന്ധം കാത്തു സൂക്ഷിച്ചിരുന്നു. രാജാക്കന്മാർ നസ്രാണികൾക്ക് ചേപ്പേടുകളിലൂടെ സ്ഥാനമാനങ്ങൾ നൽകിയതും പള്ളികൾക്ക് കരമൊഴിവായി വസ്തുവകകൾ ദാനം ചെയ്തതും ഹൈന്ദവരുടെ അമ്പലങ്ങൾക്ക് സമീപം നസ്രാണികളെ കുടിപ്പാർപ്പിച്ചതുമൊക്കെ അവർക്ക് സമൂഹത്തിലുണ്ടായിരുന്ന ഉന്നത സ്ഥാനത്തെ വിളിച്ചറിയിരുന്ന വസ്തുതകളാണ്.

### 1.2 പോർച്ചുഗീസ് കാലഘട്ടം (16–19 നൂറ്റാണ്ടുകൾ)

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇന്ത്യയിലേക്ക് കടന്നുവന്ന പോർച്ചുഗീസുകാർ ആദ്യ കാലങ്ങളിൽ മാർത്തോമ്മാ നസ്രാണികളോട് വളരെ സൗഹാർദ്ദപരമായി പെരുമാറി. എന്നാൽ സൗഹാർദ്ദം തുടരുമ്പോൾ തന്നെ അവർ മാർത്തോമ്മാ നസ്രാണികളുടെമേൽ പാഷണ്ഡതയും ശീശ്മയും ആരോപിച്ചുതുടങ്ങി. 1533 ജനുവരി 31 ന് ഗോവാ രൂപത സ്ഥാപിതമായി. പിന്നീട് 1558 ഫെബ്രുവരി 4-ന് ഗോവാ അതിരൂപതയും അതിന്റെ സാമന്ത രൂപതയായി കൊച്ചിയും രൂപംകൊണ്ടതോടെ ഈ ആരോപണം കൂടുതൽ ശക്തമായി. മലബാറിൽ കൊച്ചിയും പുറത്ത് ഗോവായും പോർച്ചുഗീസുകാരുടെ മത-രാഷ്ട്രീയ കേന്ദ്രങ്ങളായി മാറി.

ഗോവാ മെത്രാപ്പോലീത്ത ഇന്ത്യ മുഴുവന്റെമേലും അധികാരം അവകാശപ്പെട്ടു. മാത്രമല്ല, മാർത്തോമ്മാ നസ്രാണികളുടെ കൽദായബന്ധം ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തു. തന്മൂലം മാർത്തോമ്മാ നസ്രാണികളുടെ അന്നത്തെ കൽദായ മെത്രാന്മാരായിരുന്ന മാർ ജേക്കബ് (1503–1552), മാർ ജോസഫ് (1558–1569), മാർ അബ്രാഹം (1568–1597) എന്നിവരുമായി അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുന്നതായി കാണാം.

തുടരും

# വിമൻസ് ഫോറം
## സംസ്ഥാന പ്രതിനിധി സമ്മേളനം മാർച്ച് 14ന്

കൊച്ചി: സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സീറോ മലബാർ കാത്തലിക് വിമൻസ് ഫോറം സംസ്ഥാന പ്രതിനിധി സമ്മേളനം മാർച്ച് 14 ബുധനാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ നടക്കും. മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ അധ്യക്ഷതയിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തും. വിമൻസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് പാലക്കാപ്പള്ളി, സെൻട്രൽ കമ്മിറ്റി കൺവീനർ ആനി മത്തായി മുതിരേന്തി എന്നിവർ പ്രസംഗിക്കും.

സീറോ മലബാർ സഭയുടെ ആഗോളതല വളർച്ചയും വനിതാ ഫോറത്തിന്റെ പ്രവർത്തനരേഖയും സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യനും സീറോ മലബാർ സഭയിലെ വനിതാ ശാക്തീകരണത്തെക്കുറിച്ച് മുൻ വനിതാ കമ്മീഷൻ അംഗം പ്രൊഫ. മോനമ്മ കോക്കാട്ടും പ്രബന്ധങ്ങൾ അവതരിപ്പിക്കും.

ഡോ. ലിസി ജോസ്, സെലിൻ ജെയിംസ്, ഡെൽസി ലൂക്കാച്ചൻ, ജിജി ജേക്കബ്, ലിസി വർഗീസ് എന്നിവർ പാനൽ ചർച്ചകൾക്ക് നേതൃത്വം നൽകും. കേരളത്തിലെ സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നുമുള്ള വനിതാ സംഘടനാ പ്രതിനിധികൾ, 'ജീവന്റെ സംരക്ഷണം കാൻസറിനെതിരെ പോരാട്ടം' – പ്രതിജ്ഞയെടുക്കും. സമാപനസമ്മേളനത്തിൽ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് സന്ദേശം നൽകുന്നതും കെ.സി.ബി.സി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ പ്രസംഗിക്കുന്നതുമാണ്.

# ചരിത്രസെമിനാർ തലശ്ശേരിയിൽ
## മാർച്ച് 2,3 തീയതികളിൽ

കൊച്ചി: സീറോ മലബാർ സഭ അല്മായ കമ്മീഷൻ ഹിസ്റ്ററി ആന്റ് റിസർച്ച് ഫോറത്തിന്റെയും തലശ്ശേരി രൂപത ജാഗ്രതാ സമിതിയുടേയും ആഭിമുഖ്യത്തിൽ സീറോ മലബാർ സഭ ദ്വിദിന ചരിത്ര സെമിനാർ തലശ്ശേരി രൂപതാ ആസ്ഥാനമായ സന്ദേശഭവനിൽ നടത്തപ്പെടുന്നു.

മാർച്ച് 2,3 തീയതികളിലാണ് സെമിനാർ. 2-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് ആറിന് തലശ്ശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം സെമിനാർ ഉദ്ഘാടനം ചെയ്യും. മോൺസിഞ്ഞോർ ജോസഫ് കരിനാട്ട് അദ്ധ്യക്ഷത വഹിക്കും. തലശ്ശേരി അതിരൂപത ജാഗ്രതാ സമിതി ഡയറക്ടർ ഫാ.തോമസ് മേൽവെട്ടം ആമുഖപ്രഭാഷണം നടത്തും. മാനന്തവാടി രൂപത ജാഗ്രതാ സമിതി ഡയറക്ടർ ഫാ.തോമസ് തേരകത്ത്, കെസിബിസി അല്മായകമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ, റവ.ഡോ.മാണി ആർത്തയിൽ എന്നിവർ "സഭാ സംവിധാനത്തിൽ ജാഗ്രതാ സമിതികളുടെ പ്രസക്തിയും പ്രവർത്തനങ്ങളും", "നസ്രാണി സമൂഹത്തിലെ അല്മായ മുന്നേറ്റങ്ങൾ'', ''നവോത്ഥാന രംഗത്ത് ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകൾ" എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ആനുകാലിക വിഷയങ്ങളെക്കുറിച്ച് സമ്മേളനം ചർച്ചചെയ്യും. മൂന്നാം തീയതി വൈകിട്ട് അഞ്ച് മണിയോടെ സെമിനാർ സമാപിക്കും.

# ബഹ്റിനിൽ 'റിഫ്ളക്ഷൻ' പ്രകാശനം ചെയ്തു



സീറോ മലബാർ സൊസൈറ്റി (SYMS) ബഹറിന്റെ ഔദ്യോഗിക മാഗസിൻ "റിഫ്ളക്ഷന്റെ" പ്രകാശനം സൽമാനിയായിലുള്ള മർമറിസ് ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽവെച്ചു നടത്തപ്പെട്ടു. സീറോ മലബാർ സൊസൈറ്റിയുടെ തുടക്കത്തെയും വളർച്ചയേയും പ്രതിപാതിക്കുന്ന വീഡിയോ പ്രസന്റേഷനെ തുടർന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഡോ. നബിൽ മുഹമ്മദ് അബുൾ ഫാത്തെ, അണ്ടർ സെക്രട്ടറി, മിനിസ്ട്രി ഓഫ് മുൻസിപാലിറ്റി അഫയേഴ്സ് & അർബൻ പ്ലാനിങ്, ഇൻഡ്യൻ സ്കൂൾ ചെയർമാൻ ശ്രീ. അബ്രാഹം ജോണി ആദ്യപ്രതി നൽകി റിഫ്ളക്ഷൻ പ്രകാശനം ചെയ്തു. റിഫ്ളക്ഷൻ പോലെയുള്ള മാഗസിനുകൾ മനുഷ്യമനസ്സിൽ നന്മയുടെ വിത്തുകൾ വിതക്കാൻ പര്യാപ്തമാകട്ടെ എന്ന് ചടങ്ങിൽ സന്ദേശം നൽകിയ ഡോ. നബിൽ ആശംസിച്ചു. മിനിസ്ട്രി ഓഫ് ഹ്യൂമൻ റൈറ്റ്സ് & സോഷ്യൽ ഡവലപ്മെന്റിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീറോ മലബാർ സൊസൈറ്റി കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സമാഹാരമായിട്ടാണ് മാഗസിൻ പുറത്തിറക്കിയത് പ്രസിഡന്റ് ശ്രീ. പി.പി. ചാക്കുണ്ണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, സെക്രട്ടറി ബെന്നി വർഗീസ്, മാഗസിൻ എഡിറ്റർ ഇൻ ചീഫ് സാനി പോൾ, പ്രോഗ്രാം കോർഡിനേറ്റർ റാഫി സി. ആന്റണി എന്നിവർ പ്രസംഗിച്ചു.

400ൽ പരം അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ ഷിബു അബ്രാഹം, ജോഷി കാക്കശ്ശേരി, ജോബ് സി. ആന്റണി, ജോസഫ് കെ. തോമസ്, ജെയിംസ് ജോസഫ്, ജെയ്ക്കബ് വാഴപ്പിള്ളി, റോജി ജോസഫ്, വിജു കെ. ജോസ്, ഷിനോയ് പുളിക്കൽ, വിൻസന്റ് ചീരൻ എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിൽ സിറ്റി ഓർക്കസ്ട്ര നയിച്ച ഗാനമേളയും ഉണ്ടായിരുന്നു

# കാനഡയിലേയ്ക്ക് കുടിയേറ്റം ശക്തിപ്പെടുന്നു

ജോസ് കുമ്പിളുവേലിൽ

ടൊറന്റോ: ഇന്ത്യയിൽനിന്നുള്ള കുടിയേറ്റക്കാർക്കു കാനഡയോടുള്ള പ്രിയം ഏറുന്നു. വിദ്യാഭ്യാസത്തിനും വിദഗ്ധ ജോലികൾക്കുമായാണ് ഇന്ത്യക്കാരിൽ ഏറെയും കാനഡയിലേക്കു കുടിയേറുന്നതെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. പെർമനന്റ് ഇമിഗ്രേഷൻ പ്രോഗ്രാമുകൾ വഴിയാണ് പലരും കാനഡയിലേക്കുള്ള റൂട്ട് തെരഞ്ഞെടുക്കുന്നത്. തുടക്കത്തിൽ വിദഗ്ദ്ധ തൊഴിലാളിയായി ക്വാളിഫൈ ചെയ്യപ്പെടാത്തവർ പോലും പിന്നീട് അതിന് അർഹത നേടുന്നുണ്ട്. ഈ വർഷം രണ്ടര ലക്ഷത്തോളം പുതിയ പെർമനന്റ് റെസിഡന്റ്സിനെ സ്വീകരിക്കാനാണ് കാനഡ പദ്ധതിയിട്ടിരിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ കുടിയേറ്റക്കാർക്കുള്ള നിർണ്ണായ സ്വാധീനം കണക്കിലെടുത്താണ് നിയന്ത്രിതമായ തോതിലെങ്കിലും തുടർച്ചയായി ഇവിടേക്ക് കുടിയേറ്റം അനുവദിക്കുന്നത്. 2010ൽ കാനഡയിലേക്കു കുടിയേറിയ വിദേശികളിൽ മുന്നിൽ ഇന്ത്യക്കാരായിരുന്നു.

Please visit www.smcim.org

കഴിഞ്ഞ ലക്കം തുടർച്ച....

## കാൻസർ പ്രതിരോധം

കാൻസറിനു കാരണമായ വസ്തുക്കളും, ദുശ്ശീലങ്ങളും ജീവിതചര്യകളും ഉപേക്ഷിക്കുകവഴി കാൻസർ വരാതെ തടയാൻ കഴിയും. കാൻസറിന്റെ മുന്നോടിയായ ലക്ഷണങ്ങൾ കണ്ടെത്തി ചികിത്സിക്കുന്ന പക്ഷം ഇത്തരം ലക്ഷണങ്ങൾ കാൻസറായിത്തീരാതെ രക്ഷപെടാൻ സാധിക്കും. ദൗർഭാഗ്യവശാൽ കാൻസർ പിടിപെടുന്ന പക്ഷം തുടക്കത്തിൽ തന്നെ ചികിത്സിച്ചു സുഖപ്പെടുത്തുന്നത് രോഗത്തിന്റെ ഭീകരതയിൽ നിന്നും പെട്ടെന്നുള്ള മരണത്തിൽ നിന്നും രക്ഷനേടാൻ സഹായിക്കും. സംശയകരമായ ലക്ഷണങ്ങൾ കണ്ടാൽ മടിച്ചുനിൽക്കാതെ ഒരു ഡോക്ടറെക്കൊണ്ടു പരിശോധിപ്പിക്കുകയാണ് വേണ്ടത്.

## പുകയില

മാനവരാശിക്ക് ഏറ്റവും കൂടുതൽ മരണം പ്രദാനം ചെയ്തിട്ടുള്ള മനുഷ്യനിർമ്മിതമായ ഒരു മഹാവിപത്താണ് പുകയിലയും, പുകയില ഉൽപന്നങ്ങളും. ഒരു വർഷം ലോകത്താകമാനം 30 ലക്ഷം പേരുടെ മരണത്തിന് പുകയില കാരണമാണ്. ശ്വാസകോശം, വായ, തൊണ്ട, അന്നനാളം, ഗർഭാശയഗളം, സ്തനം എന്നീ അവയവങ്ങളിൽ പുകയില കാരണം കാൻസർ ഉണ്ടാകാം. കൂടാതെ ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗം, ഹൃദയസ്തംഭനം, ഉയർന്ന രക്തസമ്മർദം, രക്തക്കുഴലുകൾ ചുരുങ്ങുക, രക്തയോട്ടം തടസപ്പെടുക എന്നിവയും പുകവലിമൂലം ഉണ്ടാകാം. ചുരുക്കത്തിൽ വിവിധങ്ങളായ മാരകരോഗങ്ങളിലേയ്ക്കുള്ള ഒറ്റമൂലി വിഷമാണ് പുകയില. 3000ൽ പരം രാസപദാർത്ഥങ്ങൾ അടങ്ങിയതാണ് പുകയില. പുകയിലയിലെ പ്രധാനഘടകമായ നിക്കോട്ടിൻ അപകടകാരിയായ മയക്കുമരുന്നാണ്. ഒരിക്കൽ ഉപയോഗിച്ചാൽ ഇത് രക്തത്തിൽ കലർന്ന് പിന്നീട് ഇതില്ലാതെ ജീവിക്കാൻ പ്രയാസമാകുന്ന തരത്തിൽ പ്രേരണാജനകമായി ഉപഭോക്താവിനെ ഇതിന് അടിമകളാക്കി മാറ്റുന്നു. നിക്കോട്ടിൻ ലഭിക്കാൻവേണ്ടി ഓരോ തവണയും പുകയില ഉപയോഗിക്കുമ്പോൾ പുകയിലയിൽ അടങ്ങിയിരിക്കുന്ന കാൻസർ ഉണ്ടാക്കുന്ന മറ്റനേകം രാസപദാർത്ഥങ്ങളും അവർ സ്വീകരിക്കേണ്ടി വരുന്നു. പുകവലിക്കാത്തവർക്കും നിഷ്ക്രിയ പുകവലിയുടെ (Passive Smoking) ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നു. അതുകൊണ്ടാണ് പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് കോടതി നിരോധിച്ചിരിക്കുന്നത്. അടുത്ത കാലത്ത് പ്രചാരത്തിലുള്ള പാൻമസാലകൾ യുവതീയുവാക്കളുടെ പ്രത്യേകിച്ചും സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ വളരെയധികം പേർ ഉപയോഗിക്കുന്നതായിക്കാണുന്നു. പാൻ മസാലകൾ വായിൽ സ്ഥിരസമ്പർക്കം പുലർത്തുന്നിടത്ത് കാൻസർ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇതു കാരണം അടുത്ത ദശകത്തിൽ പുകയിലജന്യങ്ങളായ കാൻസറുകളുടെ ഒരു പ്രളയം തന്നെ പ്രതീക്ഷിക്കാം.

# സീറോ മലബാർ സഭ അല്മായ കമ്മീഷൻ
# 'കാൻസറിനെതിരെ പോരാട്ടം'

## പുകവലിക്കാർക്കൊരു നറുക്കെടുപ്പ് !!!!

1-ാം സമ്മാനം: മരണം
2-ാം സമ്മാനം: കാൻസർ
3-ാം സമ്മാനം: ഹൃദ്രോഗം
4-ാം സമ്മാനം: രക്തക്കുഴലുകളുടെ രോഗം

**പ്രോത്സാഹന സമ്മാനങ്ങൾ**
ചുമ, വായ്നാറ്റം, കറപിടിച്ച പല്ല്, ഒച്ചയടപ്പ്, വേറെയും ഒട്ടനവധി സമ്മാനങ്ങൾ ഒരുക്കി പരലോകം ഉപഭോക്താക്കളെ കാത്തിരിക്കുന്നു. നറുക്കെടുപ്പിൽ പങ്കുചേരാൻ പുകവലി ആരംഭിക്കുകയേ വേണ്ടൂ പാൻമസാലകൾ, പുകയില, മുറുക്ക്, മദ്യം ഉപയോഗിക്കുന്നവർക്ക് മുൻഗണന

**നറുക്കെടുപ്പ് എല്ലാ ദിവസവും ആശുപത്രികളിൽ**

## കാൻസർ വരാതിരിക്കാൻ ചില നിർദ്ദേശങ്ങൾ

ചില ഭക്ഷണസാധനങ്ങൾ കാൻസർ വരാൻ ഇടയാക്കുന്നു. മൃഗക്കൊഴുപ്പ്, വറുത്തതും കരിഞ്ഞതുമായ ഭക്ഷണപദാർത്ഥങ്ങൾ, ആവർത്തിച്ച് ഒരേ എണ്ണയിൽ വറുക്കുന്നത്, ഉപ്പിലിട്ടതും പുകച്ചതുമായ വസ്തുക്കൾ, കൃത്രിമ മധുരങ്ങൾ, ഭക്ഷണത്തിൽ ചേർക്കുന്ന കളറുകൾ ഒക്കെയും ഈ ഗണത്തിൽപ്പെടുന്നു. ധാരാളം പച്ചക്കറികളും, ഇലക്കറികളും പഴങ്ങളും, ഭക്ഷണത്തിൽപ്പെടുത്തുക. നാരുകളുള്ള ഭക്ഷണം കഴിക്കുക. അരിയും ഗോതമ്പും തവിടുകളയാതെയും, പയർ, കടല തൊലി കളയാതെയും ഭക്ഷിക്കുക. പുകവലിയും മൂക്കിൽപൊടിയും, വെറ്റിലമുറുക്കും, പാൻമസാലകളും, മദ്യവും ഉപയോഗിക്കാതിരിക്കുക, പൊട്ടിയതോ കൂർത്തതോ ആയ പല്ലുകൾ ദന്തവൈദ്യനെക്കൊണ്ട് ചികിത്സിപ്പിക്കുക. വായുടെ ശുചിത്വം പാലിക്കുക. വളരെ ചെറുപ്പത്തിലുള്ള ലൈംഗിക ജീവിതം, വിവാഹം, ഗർഭധാരണം, തുടരെയുള്ള പ്രസവം എന്നിവ ഒഴിവാക്കുക. ലൈംഗിക ശുചിത്വവും സംയമനവും, സദാചാരവും പാലിക്കുക. അനാവശ്യമായി റേഡിയേഷൻ കിട്ടാനുള്ള എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുക. ഗർഭിണികൾ വയറിന്റെ എക്സ്റേ എടുക്കാതിരിക്കുക. അത്യാവശ്യ സാഹചര്യത്തിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ റേഡിയേഷൻ പരിശോധന നടത്താതിരിക്കുക. ഗർഭിണികൾ ഡോക്ടറുടെ നിർദ്ദേശമില്ലാതെ സ്വയം മരുന്നുകൾ കഴിക്കാതിരിക്കുക.

**ധാരാളം പച്ചക്കറികളും, ഇലക്കറികളും പഴങ്ങളും, ഭക്ഷണത്തിൽപ്പെടുത്തുക. നാരുകളുള്ള ഭക്ഷണം കഴിക്കുക. അരിയും ഗോതമ്പും തവിടുകളയാതെയും, പയർ, കടല തൊലി കളയാതെയും ഭക്ഷിക്കുക. പുകവലിയും മൂക്കിൽപൊടിയും, വെറ്റിലമുറുക്കും, പാൻമസാലകളും, മദ്യവും ഉപയോഗിക്കാതിരിക്കുക.**

വായിലെ കാൻസർ, ഗർഭാശയഗള കാൻസർ, സ്തനാർബുദം എന്നിവയുടെ മുന്നോടിയായ ലക്ഷണങ്ങൾ കണ്ടാൽ മടിച്ച് നിൽക്കാതെ ഒരു ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കുക.

(അവസാനിച്ചു)

# അല്മായ സംരംഭകർക്ക് യേശുവിന്റെ സാമൂഹ്യവീക്ഷണം വേണം:

## മാർ ജോർജ് ആലഞ്ചേരി




*സീറോ മലബാർ സഭ അല്മായ കമ്മീഷൻ ഓൻട്രപ്രണേഴ്സ് ഫോറം ബാംഗ്ലൂർ ധർമ്മരാം സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. റവ.ഡോ.തോമസ് കല്ലുകളം, റവ.ഡോ.മാത്യു ചന്ദ്രൻകുന്നേൽ, ബാംഗ്ലൂർ സീറോ മലബാർ സഭാ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര, അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ബാംഗ്ലൂർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ എന്നിവർ സമീപം.*

ബാംഗ്ലൂർ: യേശുവിന്റെ സാമൂഹ്യ വീക്ഷണത്തോടെ സമൂഹത്തിന്റെ ആവശ്യമറിഞ്ഞ് പ്രവർത്തിക്കുന്നവരായിരിക്കണം സഭയിലെ അല്മായ സംരംഭകരെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയിലെ അല്മായ സംരംഭകരുടേയും പ്രൊഫഷണലുകളുടേയും വേദിയായ സീറോ മലബാർ സഭ അല്മായ കമ്മീഷൻ ഓൻട്രപ്രണേഴ്സ് ഫോറം ബാംഗ്ലൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ആഞ്ചേരി.

യേശുവിന്റെ ഉപമകളിൽ നിന്ന് പാഠം പഠിച്ച് തിരുവചനങ്ങളും സഭയുടെ പ്രബോധനങ്ങളും പ്രവർത്തന മേഖലകളിൽ പകർത്തുകയും പരസ്പരസഹകരണത്തോടെ സഭയുടെ കൂട്ടായ്മയിൽ അല്മായ സംരംഭകർ പങ്കുചേരുകയും ചെയ്യണം. പരസ്പരം സഹകരിച്ച് ശുശ്രൂഷകൾ ചെയ്യുമ്പോൾ മാത്രമെ സഭയാകുകയുള്ളൂ. ഭിന്നിപ്പിന്റെ പ്രലോഭനങ്ങളെ നാം ചെറുത്തുനിൽക്കണം. സംരംഭക മേഖലയിൽ സത്യവും സ്നേഹവും നീതിയും പുലർത്തുവാൻ മാർ ആലഞ്ചേരി ആഹ്വാനം ചെയ്തു.

ധർമ്മരാം സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ ബാംഗ്ലൂർ ലെയ്റ്റി സെന്ററിന്റെ നേതൃത്വത്തിൽ നടന്ന സഭയിലെ അല്മായ സംരംഭകരുടേയും, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം തുടങ്ങി വിവിധ തലങ്ങളിലെ പ്രമുഖരുടേയും സമ്മേളനത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി.സെബാസ്റ്റ്യൻ, ബാംഗ്ലൂർ സീറോ മലബാർ സഭാ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര, റവ.ഡോ.മാത്യു ചന്ദ്രൻകുന്നേൽ, ബാംഗ്ലൂർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ എന്നിവർ സംസാരിച്ചു. സഭയിലെ അല്മായർക്ക് പുത്തൻ പ്രവർത്തനമേഖലകൾ കണ്ടെത്തുവാനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസനപ്രക്രിയകളിൽ പങ്കാളികളാകുവാനും പരസ്പര സഹകരണത്തിലൂടെ ഭൗതീക വളർച്ചക്ക് ആഗോളതലത്തിൽ അവസരമൊരുക്കുകയാണ് അല്മായ സംരംഭകരുടെ ഈ ഫോറത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ സൂചിപ്പിച്ചു.

## ക്രൈസ്തവ സഭയ്ക്കും സഭാപിതാക്കന്മാർക്കും നേരെയുള്ള രഹസ്യ അജണ്ടകൾ വിലപ്പോവില്ല: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കൊച്ചി: ക്രൈസ്തവ സഭയേയും സഭാപിതാക്കന്മാരേയും ആക്ഷേപിച്ചും അവഹേളിച്ചും ചില കേന്ദ്രങ്ങൾ തുടർച്ചയായി നടത്തുന്ന രഹസ്യ അജണ്ടകൾ മറനീക്കി പുറത്തുവന്നിരിക്കുകയാണെന്നും ഇത് പൊതുസമൂഹത്തിനു മുമ്പിൽ വിലപ്പോവില്ലെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി.സെബാസ്റ്റ്യൻ പ്രസ്താവിച്ചു. റോമിൽ മാർ ആലഞ്ചേരിയുടെ കർദ്ദിനാൾ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തതിനുശേഷം കേരളത്തിൽ മടങ്ങിയെത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.


സമൂഹത്തിൽ ആദരണീയരും ഉന്നതസ്ഥാനീയരുമായവരുടെ വാക്കുകളേയും കാഴ്ചപ്പാടുകളേയും ദുർവ്യാഖ്യാനം ചെയ്ത് തെറ്റിദ്ധാരണകളുണ്ടാക്കുകയും ആക്ഷേപിച്ച് അവഹേളിക്കുകയും ചെയ്യുന്നത് സാംസ്കാരിക ധാർമ്മിക അധഃപതനവും, മാനുഷിക മാന്യതയ്ക്കു നിരക്കാത്തതുമാണ്. ക്രൈസ്തവസഭാപിതാക്കന്മാർക്ക് ജനസമൂഹത്തിലുള്ള അംഗീകാരത്തിലും, സഭാസമൂഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങളിലും അസൂയപൂണ്ട് ചിലർ നടത്തുന്ന രോഷപ്രകടനങ്ങൾ പലരൂപത്തിൽ കുറെനാളുകളായി പുറത്തുവന്നുകൊണ്ടിരിക്കുന്നത് ജനങ്ങൾ പുച്ഛിച്ചുതള്ളിയിരുന്നു. മുൻകൂട്ടി തിരക്കഥയെഴുതി തയ്യാറാക്കിയ രാഷ്ട്രീയ അജണ്ടകൾക്ക് ക്രൈസ്തവ സഭയേയും സഭാപിതാക്കന്മാരേയും ഉപകരണമാക്കുവാൻ ആരേയും അനുവദിക്കുകയില്ലെന്ന് വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

നീണ്ടകരയിലുണ്ടായ വെടിവയ്പ് വേദനാജനകവും അപലപനീയവുമാണ്. കുറ്റക്കാരായ ഇറ്റാലിയൻ നാവികർക്കെതിരെ ശക്തവും നിയമപരവുമായ നടപടികളെടുക്കണം. മരിച്ചു പോയവരുടെ കുടുംബങ്ങൾക്ക് സംരക്ഷണവും സഹായവും നല്കണമെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി.സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ

## പ്രേഷിതവൃത്തിക്കുള്ള പരിശീലനം

**കഴിഞ്ഞ ലക്കം തുടർച്ച.......**



### 28. പരിശീലനത്തിന്റെ ആവശ്യം

വിവിധ രീതിയിൽ പരിശീലനം ലഭിച്ചെങ്കിൽ മാത്രമെ പ്രേഷിതവൃത്തി കാര്യക്ഷമമായിത്തീരൂ. അല്മായർക്കുതന്നെ നിരന്തരം കൈവന്നുകൊണ്ടിരിക്കുന്ന ആത്മീയവും സൈദ്ധാന്തികവുമായ പുരോഗതിയും, ഇന്നത്തെ പരിതസ്ഥിതികളും, വ്യക്തികളും അവർ നിർവഹിക്കേണ്ട ചുമതലകളെ ആനുകാലികമാക്കേണ്ടതിന്റെ ആവശ്യകതയും ഒത്തുചേർന്ന് ഇത്തരം പരിശീലനത്തിന്റെ ആവശ്യം വിളിച്ചറിയിക്കുന്നുണ്ട്. മറ്റു പ്രമാണരേഖകളിൽ ഈ പരിശുദ്ധ സൂനഹദോസ് നിശ്ചയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള നിബന്ധനകളിൽ അടിയുറച്ചതായിരിക്കണം ഈ പ്രേഷിത പരിശീലനം. എല്ലാ ക്രിസ്ത്യാനികൾക്കും പൊതുവായി ലഭിക്കുന്ന ഒരു പരിശീലനമുണ്ട്. അതിനും പുറമെ പല പ്രേഷിത പ്രവർത്തനങ്ങൾക്കും പ്രത്യേകവും സുനിശ്ചിതവുമായ ഒരു പരിശീലനം ആവശ്യമാണ്. വ്യക്തികളുടേയും സാഹചര്യങ്ങളുടേയും വൈവിധ്യമാണ് ഈ ആവശ്യത്തിനു കാരണം.

### 29. എങ്ങനെ പരിശീലിപ്പിക്കണം

അല്മായർ തങ്ങളുടേതായ രീതിയിൽ സഭയുടെ ദൗത്യത്തിൽ പങ്കുചേരുന്നതുകൊണ്ട് അവരുടെ പ്രേഷിത പരിശീലനത്തിന് ഒരു പ്രത്യേകതയുണ്ട്. അവരുടെ ലൗകികസാഹചര്യങ്ങളും അവരുടെ ജീവിത സ്ഥിതിക്കും ആദ്ധ്യാത്മിത്വത്തിനുമുള്ള പ്രത്യേക സ്വഭാവവുമാണതിനു കാരണം.

പ്രേഷിതരാകുന്നതിനുമുമ്പുതന്നെ അവർ സ്വാഭാവികമായ കഴിവുകൾക്കും ജീവിതസാഹചര്യങ്ങൾക്കും യോജിച്ചവിധം നല്ല മനുഷ്യരാകാൻ പരിശീലിപ്പിക്കപ്പെടണം. തങ്ങൾ ജീവിക്കുന്ന ലോകത്തെപ്പറ്റി അല്മായർ ബോധവാന്മാരായിരിക്കണം. സ്വസമുദായത്തിന്റെ സംസ്കാരത്തോട് ഒത്തിണങ്ങിയ അംഗങ്ങളായിരിക്കണം അവർ.

അല്മായർ അതിപ്രധാനമായി മനസിലാക്കേണ്ടതിതാണ്: സൃഷ്ടിയുടേയും രക്ഷയുടേയും ദിവ്യരഹസ്യത്തിൽ വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിന്റേയും സഭയുടേയും ദൗത്യം അവർ നിർവഹിക്കണം. അതോടൊപ്പം അരൂപിയുടെ പ്രേരണകളെ പിഞ്ചെല്ലുകയും വേണം. ദൈവജനത്തിന് ജീവൻ പ്രദാനം ചെയ്യുന്നത് അവിടുന്നാണ്. പിതാവായ ദൈവത്തേയും പിതാവിന്റെ ലോകത്തേയും മനുഷ്യരേയും സ്നേഹിക്കാൻ എല്ലാവർക്കും പ്രചോദനം നൽകുന്നതും ഈ അരൂപിതന്നെ. ഏതു പ്രേഷിതപ്രവർത്തനവും ഫലപ്രദമായി നടക്കാൻവേണ്ട അടിസ്ഥാനവും അവശ്യഘടകവുമായി ഈ പരിശീലനം കരുതപ്പെടണം.

ഇങ്ങനെയുള്ള ആദ്ധ്യാത്മിക പരിശീലനത്തിനുപുറമെ ദൈവശാസ്ത്രം, ധർമ്മശാസ്ത്രം, തത്വശാസ്ത്രം എന്നിവ പഠിപ്പിച്ചുകൊണ്ട് താത്വികപരിശീലനവും അവർക്കു നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഓരോരുത്തരുടേയും പ്രായം, ജീവിതസ്ഥിതി, സാമർത്ഥ്യം ഇവയും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. സാംസ്കാരിക ശിക്ഷണവും പ്രായോഗികവും സാങ്കേതികവുമായ പരിശീലനവും ഒട്ടും അപ്രധാനമായി കരുതേണ്ടതല്ല.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം അഭിലഷണീയമായി പുലർത്താൻ യഥാർത്ഥ മാനുഷികമൂല്യങ്ങൾ പ്രത്യേകിച്ച് സഹോദരന്മാരേപ്പോലെ കൂടിജീവിക്കാനും സഹകരിച്ചുപ്രവർത്തിക്കാനും ചർച്ചകൾ നടത്താനുമുള്ള വാസന വളർത്തിക്കൊണ്ടുവരണം.

വെറും താത്വികതലത്തിൽ മാത്രം നിന്നാൽപോര പ്രേഷിതപരിശീലനം. അതുകൊണ്ട് ആരംഭം മുതലേ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ കാണാനും വിധിപറയാനും പ്രവർത്തിക്കാനും അല്മായർ വിവേകപൂർവ്വം പരിശീലിക്കണം. സാവധാനം പ്രവർത്തനങ്ങളിലേർപ്പെടുകയും അങ്ങനെ തങ്ങളേയും മറ്റുള്ളവരേയും രൂപപ്പെടുത്തുകയും പൂർണ്ണമാക്കുകയും ചെയ്തുകൊണ്ട് കർമ്മോത്സുകമായ സഭാസേവനത്തിലേക്കവർ കടന്നുവരേണ്ടതാണ്. എപ്പോഴും കൂടുതൽ കൂടുതൽ പൂർണ്ണത പ്രാപിച്ചുകൊണ്ടിരിക്കേണ്ട ഒന്നാണ് ഈ പരിശീലനം. അതിനു കാരണമുണ്ട്. മനുഷ്യൻ അനുദിനം പക്വതയിൽ വളരുകയാണ്. നവംനവങ്ങളായ പ്രശ്നങ്ങൾ പൊന്തിവന്നുകൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ ഓരോരുത്തനും പ്രവർത്തിക്കേണ്ടതിനെപ്പറ്റി ശരിയായ അറിവുണ്ടായിരിക്കുകയും അത് കാലത്തിനൊപ്പിച്ച് നവീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. ഈ പരിശീലനത്തിനാവശ്യമായതെല്ലാം ചെയ്യുന്നവൻ ഒരു കാര്യം ഓർത്തിരിക്കട്ടെ. മനുഷ്യന്റെ

**മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം അഭിലഷണീയമായി പുലർത്താൻ യഥാർത്ഥ മാനുഷികമൂല്യങ്ങൾ പ്രത്യേകിച്ച് സഹോദരന്മാരേപ്പോലെ കൂടിജീവിക്കാനും സഹകരിച്ചു പ്രവർത്തിക്കാനും ചർച്ചകൾ നടത്താനുമുള്ള വാസന വളർത്തിക്കൊണ്ടുവരണം.**

വ്യക്തിത്വം ഏകവും അഖണ്ഡവുമാണെന്ന പരമാർത്ഥം. എങ്കിൽ മാത്രമെ ഒരു വ്യക്തി എന്ന നിലയിൽ തന്നിൽത്തന്നെയുള്ള യോജിപ്പും സന്തുലിതാവസ്ഥയും സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യൂ.

ഈ വിധത്തിൽ അല്മായൻ ഭൗതികമണ്ഡലത്തിന്റെ യാഥാർത്ഥ്യങ്ങളെ സമഗ്രമായും സമർത്ഥമായും കൈകാര്യം ചെയ്യുന്നതാണ്. അതിലെ കാര്യങ്ങളിൽ അവന്റെ പങ്ക് വിദഗ്ദ്ധമായി നിർവഹിക്കുകയും ചെയ്യും. അതേസമയം തന്നെ അവൻ സഭയുടെ ജീവനുള്ള ഒരംഗവും ഒന്നാംതരം സാക്ഷിയുമാണ്. ഭൗതികമണ്ഡലങ്ങളിൽ സഭയ്ക്കു കാലുകുത്താനും പ്രവർത്തിക്കാനും അവർ കളമൊരുക്കുന്നു.

(തുടരും)

# സീറോ മലബാർ സഭ അല്മായ സമൂഹത്തിന്റെ അന്തർദ്ദേശീയ കുടിയേറ്റങ്ങൾ വെല്ലുവിളികൾ

അഡ്വ.വി.സി.സെബാസ്റ്റ്യൻ, സെക്രട്ടറി, സീറോ മലബാർ സഭ അല്മായ കമ്മീഷൻ

## വിദേശരാജ്യങ്ങളിലേയ്ക്കുള്ള അല്മായരുടെ കുടിയേറ്റം

വിദേശരാജ്യങ്ങളിലേയ്ക്കുള്ള ഒറ്റപ്പെട്ട കുടിയേറ്റങ്ങളെക്കുറിച്ച് വ്യക്തമായ കണക്കുകളില്ല. 1940–50 കളിൽ സിംഗപ്പൂരിൽ നമ്മുടെ ആളുകൾ എത്തിയിരുന്നതായി പറയപ്പെടുന്നുണ്ട്. 1960 നു ശേഷമാണ് വിദേശകുടിയേറ്റത്തിന്റെ ചിത്രം വ്യക്തമാകുന്നത്. എങ്കിലും സംഘടിതമായ ഒരൊഴുക്ക് ഇക്കാലത്തും ഉണ്ടായിരുന്നില്ല. അമേരിക്കയിലേയ്ക്കും, ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിലേയ്ക്കും 1970 കളിൽ സീറോ മലബാർ സഭയിലെ ധാരാളം പെൺകുട്ടികൾ നേഴ്സിംഗ് ജോലിതേടിപ്പോയി. അക്കാലത്ത് ഇതിന് സഹായമായിരുന്നത് ഇവിടങ്ങളിൽ ജോലി ചെയ്തിരുന്ന വൈദികരും കന്യാസ്ത്രീകളുമാണ്. ഇറാക്കിലേയ്ക്കും യെമനിലേയ്ക്കും ഇസ്രായേലിലേയ്ക്കും ഈ കാലഘട്ടങ്ങളിൽ നേഴ്സിംഗ് ജോലികൾക്കായി നമ്മുടെ സഹോദരിമാർ പോയിരുന്നു. തുടർന്ന് അമേരിക്കയിലേയ്ക്ക് ഒഴുക്ക് ശക്തമായി. 1975 നോടുകൂടി ഗൾഫ് രാജ്യങ്ങൾ നമ്മുടെ കുടിയേറ്റ കേന്ദ്രമായി. തുടർന്ന് 2000 മാണ്ടുവരെ ഒഴുക്കായി. സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ബഹറിൻ, മസ്ക്കറ്റ്, യു.എ.ഇ.എന്നിവിടങ്ങളിലായി ലക്ഷക്കണക്കിനായ നമ്മുടെ അല്മായർ ഇന്ന് ജോലിയിലും ബിസിനസിലും ഏർപ്പെട്ടിരിക്കുന്നു.

**ക്രൈസ്തവർക്ക് പ്രാർത്ഥനാസ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന സൗദി അറേബ്യയിൽ സീറോ മലബാർ സഭാ പ്രാർത്ഥനക്കൂട്ടായ്മകൾ പ്രവർത്തിക്കുന്നത് ആദിമസഭയെ അനുസ്മരിപ്പിക്കുന്നതാണ്. സീറോ മലബാർ സഭാ ആസ്ഥാനത്തുനിന്നും നേരിട്ടും, അറേബ്യൻ വികാരിയത്ത് വഴിയും വൈദികരുടെ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ, പ്രതീക്ഷകൾ ഏറെയുണ്ടെങ്കിലും പ്രതിസന്ധികൾ അതിലേറെയുണ്ട്.** സൗദി അറേബ്യയിൽ വിവിധ സ്ഥലങ്ങളിലായി ആയിരക്കണക്കിന് കുടുംബങ്ങൾ നമുക്കുണ്ട്. വിശ്വാസത്തിൽ നിന്ന് ഒട്ടേറെ കൊഴിഞ്ഞുപോകലും തമ്മിലടികളും വേറെ.

**ബഹറിനിലെ മനാമയിൽ മലയാളി കത്തോലിക്കർക്കായി മാറിമാറി വിവിധ റീത്തുകളിൽ മലയാളം കുർബാന ഉള്ളപ്പോൾ നമുക്ക് പ്രതീക്ഷ നൽകുന്നത് SMCA യാണ്. മസ്ക്കറ്റിലെ റൂവി, ഗാല, സലാല എന്നിവിടങ്ങളിൽ കുർബാനകൾ ലഭിക്കുന്നുണ്ട്. വിദേശത്ത് കുടിയേറിയ സീറോ മലബാർ സഭാ സമൂഹത്തിന് ഏറ്റം അഭിമാനം പകരുന്നതാണ് ഖത്തറിലെ സെന്റ് തോമസ് ദൈവാലയം. അല്മായ സമൂഹത്തിന്റെ ഒറ്റക്കെട്ടായ മുന്നേറ്റത്തിന്റെ ഉദാഹരണമാണിത്. ആയിരക്കണക്കിന് വിശ്വാസികൾക്ക് കുർബാനയിൽ പങ്കുചേരുവാനുള്ള സംവിധാനം, വേദപാഠക്ലാസുകൾ. നമ്മുടെ നാട്ടിലെ ഇടവകകൾക്കും മാതൃകയാണ് ഖത്തറിലെ സഭാമക്കൾ. കുവൈറ്റിൽ, കുവൈറ്റ് സിറ്റി, സാൽമിയ, അബ്ബാസിയ, ഫഹീൽ, എന്നീ നാലു കേന്ദ്രങ്ങളിൽ കുർബാനകൾ, SMCA യിലൂടെ ശക്തമായ കൂട്ടായ്മ. UAE യിലെ വിവിധ രാജ്യങ്ങളിൽ കുർബാനകൾ ഉണ്ടെങ്കിലും ലാറ്റിൻ സഭാസംവിധാനത്തിന്റെ ഭാഗമായി നമ്മുടെ പതിനായിരങ്ങൾ പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട ചില സംഘടനകൾ മാത്രം. കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാനുള്ള നീക്കങ്ങൾ സജീവം. ജപ്പാനിലും, മലേഷ്യയിലും, ബ്രൂണയിലും നമ്മുടെ ആളുകൾ കുടിയേറിയിട്ടുണ്ട്; കൂട്ടായ്മകളുമുണ്ട്; പലരും Convert ചെയ്ത് കത്തോലിക്കാ സഭയിൽ നിന്നുതന്നെ നഷ്ടപ്പെട്ടിരിക്കുന്നു.**




## അന്തർദ്ദേശീയ കുടിയേറ്റങ്ങൾ- സർവ്വേ

1950–1970 വരെ സീറോ മലബാർ കുടുംബങ്ങളിലെ Average Birth Rate 5.5 /Family
1980 വരെ Migration ഈ കാലയളവിൽ ഒന്നായിരുന്നു. ഇക്കാലയളവിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാൾവീതം വൈദികനോ കന്യാസ്ത്രിയോ ആയി സഭാ ശുശ്രൂഷകളിൽ പങ്കുചേർന്നിരുന്നു. 1990കളിൽ Migration ഒരു കുടുംബത്തിൽ നിന്ന് രണ്ടും അതിൽകൂടുതലുമായി.
ഇന്ന് സീറോ മലബാർ സഭയിലെ വിശ്വാസികളിൽ 30ശതമാനം Migration നടത്തിയിരിക്കുന്നു എന്നാണ് കണക്ക്. 13 ലക്ഷത്തോളം സഭാംഗങ്ങൾ ഇന്ത്യക്കകത്തും പുറത്തുമായി കുടിയേറിയിരിക്കുന്നു.
2011 ലെ സർവ്വേ അനുസരിച്ച് 50–60വരെ പ്രായമുള്ള Parents ന്റെ 18–30 വയസ്സുവരെയുള്ള മക്കളിൽ 81 ശതമാനം കേരളത്തിലില്ല.
സർവെ പ്രകാരം കേരളത്തിലെ ഒരു രൂപതയിലെ ഒരു ഇടവകയിലെ 18 ഭവനങ്ങളുള്ള ഒരു കുടുംബക്കൂട്ടായ്മയിൽ 47 മക്കളിൽ 38 പേർ പഠനത്തിനും ജോലിക്കും വിവാഹിതരുമായി കേരളത്തിനു പുറത്താണ്. ഒരു ഭവനം പെന്തക്കോസ്തിലും.
അതായത് അടുത്ത പതിനെട്ട് വർഷത്തിനുള്ളിൽ സീറോ മലബാർ സഭയിലെ കേരളത്തിലെ കുടുംബങ്ങൾ വിദേശരാജ്യങ്ങളിലേതുപോലെ വൃദ്ധമന്ദിരങ്ങളാകും. പലവീടുകളും ആളൊഴിഞ്ഞുകിടക്കും.

**ഇന്ത്യയ്ക്കു പുറത്തുള്ള ഏക സീറോ മലബാർ രൂപത അമേരിക്കയിലെ ചിക്കാഗോ രൂപയാണ്. അമേരിക്കയിലെ സഭാസമൂഹത്തിന് ആത്മീയ ഉണർവ്വേകുവാൻ ഈ രൂപതയുടെ സ്ഥാപനത്തോടെ സാധിക്കുന്നു.**

ഇന്ത്യയ്ക്കു പുറത്തുള്ള ഏക സീറോ മലബാർ രൂപത അമേരിക്കയിലെ ചിക്കാഗോ രൂപയാണ്. അമേരിക്കയിലെ സഭാസമൂഹത്തിന് ആത്മീയ ഉണർവ്വേകുവാൻ ഈ രൂപതയുടെ സ്ഥാപനത്തോടെ സാധിക്കുന്നു. രൂപതയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ വിവിധ കേന്ദ്രങ്ങളിലായി വൈദികർ പ്രവർത്തിച്ചിരുന്നു. ഇക്കാലങ്ങളിൽ സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഉൾപ്പെടെയുള്ള വിവിധ അല്മായ സംഘടനകളുടെ സേവനം പ്രശംസനീയമാണ്.

ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്ക് അദ്ധ്യാപനത്തിനായി ധാരാളം പേർ കുടിയേറിയതും 1975 –85 കാലഘട്ടങ്ങളിലാണ്. ഉഗാണ്ട, നൈജീരിയ, മുസാമ്പിക്ക്, കെനിയ എന്നവിടങ്ങളിൽ നമ്മുടെ സമൂഹം ധാരാളമായി ഇന്നുണ്ട്. അല്മായരെല്ലാം ഇവിടങ്ങളിലെ Local Church ന്റെ ഭാഗമായി ധാരാളം സീറോ മലബാർ വൈദികർ ലാറ്റിൻ രൂപതകളിൽ പ്രവർത്തിക്കുന്നുണ്ട്. ഫിലിപ്പൈൻസിലേയ്ക്ക് പഠിക്കുവാനായി പോയി തുടർന്ന് ജർമ്മനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറിയവരുമുണ്ട്. 2000–ാ മാണ്ടിലാണ് ഇംഗ്ലണ്ടിൽ

(ശേഷം അടുത്ത പേജിൽ....)

നേഴ്സിംഗ് മേഖലയിൽ അവസരങ്ങൾ തുറന്നു കിട്ടിയത്. തുടർന്ന് ഇംഗ്ലണ്ട്, സ്കോട്ടലന്റ്, അയർലന്റ്, നോർത്തേൺ അയലന്റ് എന്നിവിടങ്ങളിലായി അവസരങ്ങൾ നമ്മൾ ഉപയോഗപ്പെടുത്തുന്നു. ഇംഗ്ലണ്ടിലെ ലണ്ടൻ നഗരത്തിലെ 3 രൂപതകളിലും കേംബ്രിഡ്ജ്, നോട്ടിംഹാം, ന്യൂകാസിൻ, ബർമിങ്ഹാം, ബ്രൈറ്റൻ, ബ്രിസ്റ്റോൾ, മാഞ്ചസ്റ്റർ, നോർവിച്ച് എന്നിവിടങ്ങളുൾപ്പെടെ വിവധ സ്ഥലങ്ങളിൽ നമ്മുടെ സാന്നിധ്യം എടുത്തുപറയത്തക്കതാണ്. സ്കോട്ട്ലന്റിലെ മദർവെൽ, ഗ്ലാസ്ഗോ, ഈഡൻബ്രോ എന്നിവിടങ്ങളിലും നല്ല കൂട്ടായ്മകളുണ്ട്. അയർലന്റിൽ കത്തോലിക്കാ സഭ വലിയ പ്രതിസന്ധികളിൽ നീങ്ങുമ്പോഴും പള്ളികൾ സജീവമാകുന്നത് സീറോ മലബാർ സഭ അല്മായ സമൂഹത്തിന്റെ സാന്നിധ്യം കൊണ്ടാണ്. ഐ.ടി.മേഖലകളിലും ഇക്കാലയളവിൽ ഇന്ത്യയിലും വിദേശത്തുമായി നമ്മുടെ മക്കൾ കുടിയേറി. ഇറ്റലിയിലും, ഹോളണ്ടിലും, ബൽജിയത്തും നമ്മുടെ സജീവസാന്നിധ്യം ഇന്നുണ്ട്.

അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും അയർലന്റിലെയും സാമ്പത്തിക പ്രതിസന്ധികളിൽ തളരാതെ പുതിയ മേഖലകൾ കണ്ടെത്താൻ നമ്മുടെ മക്കൾ ശ്രമിച്ചു. 2000-നോടുകൂടി ന്യൂസിലാന്റിലും, ആസ്ട്രേലിയയിലും നമുക്ക് അവസരമായി. 2005 ൽ ഈ കുടിയേറ്റം ശക്തമായി. സിംഗപ്പൂരിലെ അഞ്ച് കേന്ദ്രങ്ങൾ, ന്യൂസിലാന്റിലെ ഓക്‌ലന്റ്, ഹാമിൽട്ടൻ, ഫഗേര, റൊട്ടറോ, ക്രൈസ്റ്റ് ചർച്ച്, ബില്ലിംഗ്ടൺ

**ഇംഗ്ലണ്ടിലെ ലണ്ടൻ നഗരത്തിലെ 3 രൂപതകളിലും കേംബ്രിഡ്ജ്, നോട്ടിംഹാം, ന്യൂകാസിൻ, ബർമിങ്ഹാം, ബ്രൈറ്റൻ, ബ്രിസ്റ്റോൾ, മാഞ്ചസ്റ്റർ, നോർവിച്ച് എന്നിവിടങ്ങളുൾപ്പെടെ വിവധ സ്ഥലങ്ങളിൽ നമ്മുടെ സാന്നിധ്യം എടുത്തുപറയത്തക്കതാണ്. സ്കോട്ട്ലന്റിലെ മദർവെൽ, ഗ്ലാസ്ഗോ, ഈഡൻബ്രോ എന്നിവിടങ്ങളിലും നല്ല കൂട്ടായ്മകളുണ്ട്.**

ആസ്ത്രേലിയയിലെ മെൽബോൺ, സിഡ്നി, കാൻബറ, ബ്രീസ്ബെൻ, ടൗൺസ് വില്ല, അഡിലൈഡ്, പെർത്ത് എന്നിവിടങ്ങളിലേയ്ക്ക് നേഴ്സിംഗ് ജോലികൂടാതെ പഠനത്തോടൊപ്പം ജോലിക്കുമായി നമ്മുടെ യുവജനങ്ങൾ ചേക്കേറുകയുണ്ടായി. കാനഡയിലേയ്ക്ക് നമ്മുടെ സാന്നിധ്യം ഇന്ന് പ്രകടമാകുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഏതു പ്രതിസന്ധികളേയും തരണം ചെയ്ത് ലോകത്തിന്റെ എല്ലാക്കോണുകളിലേയ്ക്കും എത്തിച്ചേരുവാനുതകുന്ന ശേഷിയും കാര്യപ്രാപ്തിയും നിറഞ്ഞവരാണ് സീറോ മലബാർ സഭാ അല്മായ സമൂഹമെന്നാണ്. ഈ വിശ്വാസി സമൂഹത്തെ പാരമ്പര്യത്തിലും പൈതൃകത്തിലും അടിയുറച്ചുനിർത്തി മുഖ്യധാരയിൽ ശക്തിപ്പെടുത്തി മുന്നേറുവാനുള്ള ശ്രമത്തിലാണ് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

## പ്രേഷിതവർഷാചരണം: ദേശീയ സെമിനാർ സമാപിച്ചു

വാർധ (മഹാരാഷ്ട്ര): സീറോ മലബാർ സഭ പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് മഹാരാഷ്ട്രയിലെ വാർധ ദർശന ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ദേശീയ മിഷൻ സെമിനാർ സമാപിച്ചു. കെസിബിസി പ്രസിഡന്റും തൃശൂർ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് സമാപന സന്ദേശം നല്കി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിതപ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ട കാലഘട്ടമാണിതെന്ന് അദ്ദേഹം പറഞ്ഞു. മാർ താഴത്തിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി അർപ്പിച്ചു.

ബിഷപ്പുമാരായ മാർ ആന്റണി ചിറയത്ത്, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ വിജയാനന്ദ് നെടുംപുറം, സിഎംഐ വികാരി ജനറാൾ ഫാ. ജോർജ് താഞ്ചൻ, പ്രേഷിതവർഷാചരണം സെൻട്രൽ കമ്മിറ്റി സെക്രട്ടറി ഫാ. ജോസ് ചെറിയമ്പനാട്ട് എന്നിവർ സഹകാർമികരായി. പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള കലാപരിപാടികൾ ശ്രദ്ധേയമായി. മൂന്നു ദിവസത്തെ സെമിനാറിൽ സുവിശേഷവത്കരണവുമായി ബന്ധപ്പെട്ടു വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണവും മിഷനറിമാരുടെ അനുഭവവിവരണവും നടന്നു.

## ശാലോം ടിവി ചെയർമാൻ ബെന്നി പുന്നത്തറയ്ക്ക് ഷെവലിയർ പുരസ്കാരം സമ്മാനിച്ചു




പെരുവണ്ണാമൂഴി (കോഴിക്കോട്): ആയിരങ്ങളുടെ പ്രാർഥനാവചനങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ ശാലോം ടിവി ചെയർമാൻ ബെന്നി പുന്നത്തറയ്ക്കു ഷെവലിയർ പുരസ്കാരം സമ്മാനിച്ചു. കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമമായ പെരുവണ്ണാമൂഴിയിലെ ശാലോം ആസ്ഥാനത്തു നടന്ന ചടങ്ങിൽ സീറോ മലങ്കരസഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ ഷെവലിയർ പുരസ്കാരം ബെന്നി പുന്നത്തറയ്ക്കു സമ്മാനിച്ചു. കത്തോലിക്ക സഭയിൽ അല്മായർക്കു മാർപാപ്പയിൽനിന്നു ലഭിക്കുന്ന ഉന്നത പുരസ്കാരമാണു ഷെവലിയർ. കേരളസഭയ്ക്ക് ശാലോം നല്കുന്ന സേവനം അനുഗൃഹീതമാണെന്നു ചടങ്ങ് ഉദ്ഘാടനം ചെയ്തു കാതോലിക്കാ ബാവ പറഞ്ഞു. സുവിശേഷത്തിന്റെ പ്രചാരണം ജീവിതവുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തനമാണു ശാലോമിന്റേത്. ദൈവസംരക്ഷണയിൽ ജീവിതത്തെ വളർത്തുമ്പോൾ ലോകമെമ്പാടും സുവിശേഷ പ്രചാരണം ശക്തമാകുമെന്നും അദ്ദേഹം പറഞ്ഞു. ശാലോമിന്റെ വചനസന്ദേശം ലോകമ്പാടുമുള്ള ജനങ്ങളെ പ്രചോദിപ്പിച്ചിരിക്കുകയാണെന്നു ചടങ്ങിൽ അധ്യക്ഷനായിരുന്ന കണ്ണൂർ ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ പറഞ്ഞു. ദൈവം പ്രവാചകരെ തെരഞ്ഞെടുത്തതു പോലെയുള്ള വ്യക്തിത്വത്തിനുടമയാണു ബെന്നി. മനുഷ്യന്റെ നിലവിളിക്കുള്ള ഉത്തരം ആത്മാഭിഷേകത്തിലൂടെ ശാലോം സാധ്യമാക്കി. ബഹുമതികൾ ആഗ്രഹിക്കുന്നില്ലെങ്കിലും ഇനിയും ധാരാളം ബഹുമതികൾ നല്കി ദൈവം ബെന്നി പുന്നത്തറയെ അനുഗ്രഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിശ്വാസത്തിന്റെ തീർഥാടനമാണു ശാലോം ടിവിയെന്ന് ആശംസയർപ്പിച്ചു പ്രസംഗിച്ച താമരശേരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല. ക്രിസ്തുവിനെ സ്നേഹിക്കുന്നവരെന്ന നിലയിൽ നമ്മുടെ വിശ്വാസം വർധിപ്പിക്കാൻവേണ്ടിയുള്ള അടയാളമാണു ശാലോം കുടുംബമെന്ന് അദ്ദേഹം കൂട്ടിച്ചേർ ത്തു. ചടങ്ങിൽ ബത്തേരി ബിഷപ് ഡോ. ജോസഫ് മാർ തോമസ്, കോഴിക്കോട് രൂപത അഡ്മിനിസ്ട്രേറ്റർ മോൺ.വിൻസെന്റ് അറയ്ക്കൽ, എംഎസ്എംഐ സഭ സുപ്പീരിയർ ജനറൽ സിസ്റ്റർ ജോയ്സ്, പെരുവണ്ണാമൂഴി ഫാത്തിമ മാതാ പള്ളി വികാരി ഫാ.ജോർജ് ചെമ്പരത്തി, സൺഡേ ശാലോം അസോസിയേറ്റ് എഡിറ്റർ ഫാ.ജോസഫ് വയലിൽ എന്നിവർ ആശംസകളർപ്പിച്ചു. ബെന്നി പുന്നത്തറ രചിച്ച നിലവിളി കേൾക്കുന്ന ദൈവം എന്ന പുസ്തകത്തിന്റെ സ്പാനിഷ് പതിപ്പ് പ്രകാശനം ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ബെന്നി പുന്നത്തറയുടെ പത്നി സ്റ്റെല്ല ബെന്നിക്കു നല്കി നിർവഹിച്ചു. ശാലോം ടൈംസ് തമിഴ് പതിപ്പിന്റെ പ്രകാശനം ബത്തേരി ബിഷപ് ഡോ. ജോസഫ് മാർ തോമസ് നിർവഹിച്ചു. ശാലോം മാനേജിംഗ് ട്രസ്റ്റി പ്രഫ.കെ.ജെ.മാത്യു സ്വാഗതവും ശാലോം ടിവി സീനിയർ മാനേജർ സക്കറിയാസ് അഗസ്റ്റിൻ നന്ദിയും പറഞ്ഞു.




# പ്രാർത്ഥനാചൈതന്യം നിറഞ്ഞുപ്രകാശിക്കുന്ന നക്ഷത്രങ്ങളാകണം അല്മായർ;

## മാർ ജോർജ് ആലഞ്ചേരി

*ബാംഗ്ലൂർ ധർമ്മാരാം സെന്റ് തോമസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ സീറോ മലബാർ സഭ അല്മായ സമ്മേളനം മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. റവ.ഡോ.തോമസ് കല്ലുകളം, മാർ ജോസഫ് എരുമച്ചാടത്ത്, സീറോ മലബാർ മിഷൻ ബാംഗ്ലൂർ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര, അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ ലോറൻസ് മുക്കുഴി, മാർ ജോർജ് ഞരളക്കാട്ട്, ബാംഗ്ലൂർ സീറോ മലബാർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, റോസ് ജെയിംസ്,ലൗലി ജോളി, സാബു ജോർജ് എന്നിവർ സമീപം.*

ബാംഗ്ലൂർ: പ്രാർത്ഥനയുടെ ചൈതന്യം ജീവിതത്തിൽ ആഴപ്പെടുത്തി നിറഞ്ഞുപ്രകാശിക്കുന്ന നക്ഷത്രങ്ങളാകണം സഭയുടെ അല്മായ സമൂഹമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലിന്റെ നേതൃത്വത്തിൽ സഭയിലുദിച്ച അല്മായ ഉണർവ് അഭിനന്ദനാർഹമാണെന്ന് നിയുക്ത കർദ്ദിനാൾ മാർ ആലഞ്ചേരി പ്രത്യേകം സൂചിപ്പിച്ചു. ബാംഗ്ലൂർ ധർമ്മാരാം സെന്റ് തോമസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ സീറോ മലബാർ സഭ അല്മായ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ആലഞ്ചേരി.




സഭയുടെ അന്തസത്ത മുഴുവൻ ഉൾക്കൊള്ളാൻ സഭാസമൂഹത്തിനാകണം. അല്മായർ വൈദികരോടു ചേർന്നുനിൽക്കുന്നതാണ് സഭ. അതിനാൽത്തന്നെ സഭാപരമായ കൂട്ടായ്മ വളർത്തിയെടുത്ത് ശക്തിപ്പെടുത്തണം. കുഞ്ഞുങ്ങളുടെ വിശ്വാസവളർച്ചയിൽ കൂടുതൽ ശ്രദ്ധ വേണം. ആത്മീയതയുള്ളിടത്ത് ഭൗതീയനന്മകൾ വന്നുചേരും. ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുമ്പോൾ ഭൗതീകവളർച്ചയുണ്ടാകും. മത്സരവും മല്ലടിക്കലും നമ്മുടെ വിഷയമല്ല. ആത്മീയതയിൽ സംഘടിച്ചു ശക്തിപ്പെട്ട് ദൈവവിളികൾ ഉയരുവാൻ ശ്രദ്ധിക്കണമെന്ന് മാർ ആലഞ്ചേരി ആഹ്വാനം ചെയ്തു.

സമ്മേളനത്തിൽ സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. കർണ്ണാടകത്തിൽ വിവിധ സീറോ മലബാർ സഭാ രൂപതകൾ, മിഷൻ കേന്ദ്രങ്ങൾ, ബാംഗ്ലൂരിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾക്കു പുറമെ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള അല്മായ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. ഇടുക്കി ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ബൽത്തങ്ങാടി ബിഷപ് മാർ ലോറൻസ് മുക്കുഴി, ഭദ്രാവതി ബിഷപ് മാർ ജോസഫ് എരുമച്ചാടത്ത്, മാണ്ഡ്യ ബിഷപ് മാർ ജോർജ് ഞരളക്കാട്ട്, സീറോ മലബാർ മിഷൻ ബാംഗ്ലൂർ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര, ധർമ്മാരാം സെന്റ് തോമസ് ഫൊറോന വികാരി റവ.ഡോ.തോമസ് കല്ലുകുളം എന്നിവർ പ്രസംഗിച്ചു. സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ധർമ്മാരാം വിദ്യാക്ഷേത്രം പ്രസിഡന്റ് റവ.ഡോ.ഫ്രാൻസീസ് തോണിപ്പാറ, ധർമ്മാരാം റെക്ടർ റവ.ഡോ.തോമസ് ഐക്കര, റവ.ഡോ.ചെറിയാൻ തുണ്ടുപറമ്പിൽ, റവ.ഫാ.സിബി കൈതാരൻ ഹൈദ്രാബാദ്, ബാംഗ്ലൂർ സീറോ മലബാർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമ്മേളനത്തിൽ ലോക കാൻസർ ദിനത്തോടനുബന്ധിച്ച് പ്രതിനിധികൾ 'കാൻസറിനെതിരെ പോരാട്ടം' പ്രതിജ്ഞയെടുത്തു. ഫിലിപ് മാത്യു ബാംഗ്ലൂർ, വർഗീസ് ബൽത്തങ്ങാടി, ജോസ് മാണ്ഡ്യ, ലൗലി ജോളി, റോസ് ജെയിംസ്, സി.ജോയിസ് സിഎംസി, പ്രെഫ.പി.ജി.സെബാസ്റ്റ്യൻ, ജോസ് വേങ്ങത്തടം, സാബു ജോർജ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.



## സീറോ മലബാർ സഭ ചരിത്ര പഠനം

### ഭാരതത്തിലെ ക്രൈസ്തവ കേന്ദ്രങ്ങളും കുടിയേറ്റങ്ങളും, സുറിയാനി സഭയുടെ സംഭാവനകളും

**ഡൽഹി ജവർലാൽ നെഹ്റു യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം പ്രെഫസർ റവ.ഡോ. പയസ് മലേക്കണ്ടത്തിൽ അടുത്ത ലക്കം മുതൽ LAITY VOICE ൽ എഴുതുന്നു...... സഭാ ചരിത്ര പഠനത്തിനുള്ള ഈ അവസരം വിനിയോഗിക്കുക.**

## Cardinal Oswald Gracias re-elected as President of CBCI

The Catholic Bishops' Conference of India (CBCI) in its 30th Plenary Assembly currently on at St John's National Academy of Health Sciences, Bangalore, has re-elected Cardinal Oswald Gracias as its President for another term of two years. He has already completed his first term of two



years as President of the Bishops' Conference, and his re-election is hailed as an affirmation of his sterling leadership qualities.

Cardinal Oswald is currently the Archbishop of Mumbai. Before he moved to Mumbai he has served as Archbishop of Agra as well as the Secretary General of the Catholic Bishops' Conference of India. His long association with the Bishops' Conference and experience of guiding it will stand in good stead in giving effective leadership to the Church in India at this very crucial juncture.

The Catholic Bishops in the current Plenary Assembly have been reflecting on the theme: The Church's Role for a Better India. And Cardinal Gracias, addressing the Assembly, gratefully recalled to mind the great strides our country has made since independence, but also pointed out some areas of concern that need more focussed attention from all levels of leadership. The Church, in as much as it is an inalienable part of the nation, will commit itself to the integral development of all sections of society – never in the spirit of competition but always and everywhere in collaboration and coordination, he added.

Dwelling on the rationale behind the Church's involvement in social development and human transformation, Cardinal Gracias said in no uncertain terms that the Church's very mission is to bring life to people in all its abundance as Jesus our Lord and Saviour has taught us. And life in its fullness would mean that every human person is liberated from all forms of oppression and de-humanising situations and be accorded with dignity and honour.

It is a big challenge before the Nation and the Church, the Bishops noted in their deliberations. No challenge, however big it may be, is not insurmountable; what is required is the will to forge ahead with determination and dedication. The Church in India has been doing its mite to ensure quality life for people, especially in rural and less reached areas of the country through its network of institutions and organisations. The Church intends to augment these efforts in collaboration with individuals, institutions and organisations that share in its vision of development – pre-eminently human centred.

The Plenary Assembly elected Major Archbishop Moran and Mor Cleemis Baselios Catholicos of Syro-Malankara Catholic Church as the first Vice-President and Archbishop Mar George Valiamattom of Thalassery Archdiocese of the Syro-Malabar Catholic Church as second Vice-President and Most Rev. Albert D' Souza, Archbishop of Agra as Secretary General of the Catholic Bishops' of Conference. The Catholic Bishops' Conference of India consists of three sui juris (individual ritual Churches) Churches: Latin, Syro-Malabar and Syro-Malankara Catholic Churches, and therefore it deals with supra-ritual and national issues of the Catholic Church in India.

## ന്യൂസിലാന്റ് സീറോ മലബാർ സഭാ സൺഡേസ്കൂൾ

**റെജി ചാക്കോ**



ഓക്‌ലന്റ്: സീറോ മലബാർ കാത്തലിക് മിഷൻ സൺഡേസ്കൂൾ 2012 അധ്യയന വർഷത്തെ ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം ദിവ്യരക്ഷകസഭ കേരളപ്രൊവിൻഷ്യാൾ ഫാ.ജോയി പൂണോലി CSSR നിർവഹിച്ചു. ഫെബ്രുവരി 5 ഞായറാഴ്ച വൈകിട്ട് എപ്സം കാത്തലിക് പള്ളിയിൽവെച്ചു നടന്ന പ്രൗഢമനോഹരമായ ചടങ്ങിൽ മിഷൻ ചാപ്ലിൻ ഫാ.ജോയി തോട്ടങ്കര വചനസന്ദേശം നൽകി. ഉദ്ഘാടനപ്രസംഗത്തിൽ ഫാ.ജോയി പൂണോലി പ്രവാസി ജീവിതസാഹചര്യത്തിൽ വിശ്വാസജീവിത പരിശീലനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. തുടർന്ന് ഫാ.ജോയി പൂണോലി, ഫാ.ജോയി തോട്ടങ്കര, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റെജി ചാക്കോ ട്രസ്റ്റി പോൾ ജോസഫ്, അദ്ധ്യാപകപ്രതിനിധി ലിസാ ജോൺസൺ രക്ഷാകർതൃപ്രതിനിധി ഷാജു ജോസഫ്, വിദ്യാർത്ഥി പ്രതിനിധി റിയാ കോശി എന്നിവർ ചേർന്ന് നിലവിളക്കുകൊളുത്തി.

## ആറു മക്കളുള്ള അമേരിക്കൻ ദമ്പതികളെ ആദരിച്ചു



ഫിലാഡൽഫിയ: അമേരിക്കയിൽ മതസ്ഥാപനങ്ങളുടെ സ്കൂളുകളും ആശുപത്രികളും തങ്ങളുടെ ജീവനക്കാർക്ക് ഗർഭനിരോധനത്തിന് സൗജന്യ ഇൻഷുറൻസ് പരിരക്ഷ നൽകണമെന്ന ഒബാമയുടെ നിർദേശത്തെത്തുടർന്നുള്ള പ്രതിഷേധങ്ങളും, സ്വവർഗ്ഗവിവാഹത്തിന് നിയമസാധ്യത ആവശ്യപ്പെട്ടുള്ള കോലാഹലങ്ങളും ശക്തിപ്രാപിച്ചുവരുമ്പോൾ, വലിയ കുടുംബത്തിന്റെ പ്രാധാന്യവും ജീവൻ സംരക്ഷിക്കുന്നതിന്റെ മഹത്വവും ഉൽഘോഷിച്ചുകൊണ്ട് ക്നാനായ സമൂഹം മറ്റുള്ളവർക്കു മാതൃകയായി. ഫിലാഡൽഫിയ അതിരൂപതയിലെ സെന്റ് ആൽബർട്സ് ഇടവകയിലെ ആറ് മക്കളുള്ള സ്റ്റീവ്-കാരളിൻദമ്പതികളെ ആദരിച്ചുകൊണ്ട് സെന്റ് ജോൺ ന്യൂമാൻ കാത്തലിക് മിഷൻ എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചു. മാതൃകാ ദമ്പതികളെ മിഷൻ ഡയറക്ടർ ഫാ.മാത്യു മണക്കാട്ട് ഉപഹാരം നൽകി ആദരിച്ചു. മക്കൾ ദൈവത്തിന്റെ ദാനമാണെന്നു വിശ്വസിക്കുന്ന ഈ അമേരിക്കൻ ദമ്പതികളും ആറു മക്കളും സ്റ്റേജിൽ നിരന്നുനിന്നപ്പോൾ കാണികൾക്ക് അതൊരു ജീവന്റെ സുവിശേഷമായി. **(ജോസ് മാളേയ്ക്കൽ)**

LAITY VOICE
Syro Malabar Major Archiepiscopal Church
Commission for Laity



# സഭയുടെ ഏഴു കൂദാശകൾ

കഴിഞ്ഞ ലക്കം തുടർച്ച.......

## അദ്ധ്യായം മൂന്ന്
## കൂട്ടായ്മയുടേയും ദൗത്യത്തിന്റേയും ശുശ്രൂഷയ്ക്കുള്ള കൂദാശകൾ

*കൂട്ടായ്മയുടേയും ദൗത്യത്തിന്റേയും കൂദാശകൾ ഏവ?*

രണ്ടുകൂദാശകൾ, തിരുപ്പട്ടവും വിവാഹവും ദൈവത്തിന്റെ നിർമ്മാണശുശ്രൂഷയ്ക്കുള്ള സഭയിലെ പ്രത്യേകദൗത്യത്തിന് സവിശേഷമായ ഒരു കൃപാവരം പ്രധാനം ചെയ്യുന്നു. സഭാത്മകകൂട്ടായ്മയ്ക്കും മറ്റുള്ളവരുടെ രക്ഷയ്ക്കും ഇവ പ്രത്യേകമാംവിധം സഹായിക്കുന്നു.

### തിരുപ്പട്ടകൂദാശ

*തിരുപ്പട്ടകൂദാശ എന്ത്?*

ക്രിസ്തു തന്റെ ശ്ലീഹന്മാരെ ഭരമേൽപ്പിച്ച ദൗത്യം യുഗാന്തത്തോളം സഭയിൽ നിർവ്വഹിക്കപ്പെടുന്നതിനുള്ള കൂദാശയാണ് തിരുപ്പട്ടം.

*എന്തുകൊണ്ടാണ് ഈ കൂദാശയെ 'തിരുപ്പട്ടം' എന്നുവിളിക്കുന്നത്?*

ഒരു പ്രത്യേക അഭിഷേകത്തിലൂടെ (പട്ടം കൊടുക്കൽ) ഒരു സഭാസമിതിയുടെ ഭാഗമാകുന്നതിനെയാണ് 'തിരുപ്പട്ടം' സൂചിപ്പിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേകദാനത്താൽ ദൈവജനസേവനത്തിനായി ക്രിസ്തുവിന്റെ നാമത്തിലും അധികാരത്തിലും നിർവ്വഹിക്കപ്പെടുന്ന 'വിശുദ്ധമായ അധികാര'വിനിയോഗത്തിന് ഇതു ശക്തിനൽകുന്നു.

*തിരുപ്പട്ടകൂദാശയ്ക്ക് രക്ഷാകരപദ്ധതിയിലുള്ള സ്ഥാനമെന്ത്?*

ലേവി ഗോത്രത്തിന്റെ സേവനം, അഹറോന്റെ പൗരോഹിത്യം, 'എഴുപതു ശ്രേഷ്ഠന്മാ'രുടെ (സംഖ്യ 11:25) നിയമിക്കൽ എന്നിവ പൗരോഹിത്യത്തിന്റെ പഴയനിയമത്തിലെ പ്രതീകങ്ങളാണ്. ഈ പ്രതിരൂപങ്ങൾ യേശുക്രിസ്തുവിൽ പൂർത്തീകരണം കണ്ടെത്തുന്നു. അവിടുന്ന്, കുരിശിലെ ബലിയിലൂടെ "ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽഏക മദ്ധ്യസ്ഥനായി" (1തിമോ. 2:5), "മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണ്" (ഹെബ്രാ.5:10). ക്രിസ്തുവിന്റെ ഏക പൗരോഹിത്യം ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ സന്നിഹിതമാക്കിയിരിക്കുന്നു.

*തിരുപ്പട്ടകൂദാശയിൽ എത്ര പദവികളുണ്ട്?*

തിരുപ്പട്ടകൂദാശയിൽ മൂന്നു പദവികളുണ്ട്. മെത്രാന്റെയും വൈദികന്റെയും ഡീക്കന്റെയും പദവികൾ. സഭയുടെ സജീവഘടനയിൽ ഇവയ്ക്കുപകരം മറ്റൊന്നില്ല.

*മെത്രാൻ പട്ടത്തിന്റെ ഫലമെന്ത്?*

മെത്രാൻപട്ടം വഴി തിരുപ്പട്ടകൂദാശയുടെ പൂർണ്ണത നൽകപ്പെടുന്നു; മെത്രാനെ 'ശ്ലീഹന്മാരുടെ നിയമാനുസൃത പിൻഗാമിയാക്കുന്നു'; മാർപാപ്പയോടും മറ്റെല്ലാ മെത്രാന്മാരോടും ഒന്നുചേർന്ന് എല്ലാ സഭകൾക്കുമായുള്ള ഔത്സുക്യത്തിൽ പങ്കുചേരാൻ മെത്രാൻ സംഘത്തിൽ ചേർക്കുന്നു; പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ദൗത്യങ്ങൾ ഭരമേൽപ്പിക്കപ്പെടുന്നു.

*തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന പ്രാദേശിക സഭയിൽ മെത്രാന്റെ ദൗത്യമെന്ത്?*

ഒരു പ്രാദേശിക സഭ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മെത്രാൻ ആ സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനവും ദൃശ്യതലവനുമാണ്. ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിൽ തന്റെ വൈദികരുടെയും ഡീക്കന്മാരുടെയും സഹായത്തോടെ മെത്രാൻ അജപാലനദൗത്യം നിർവഹിക്കുന്നു.

*വൈദിക പട്ടത്തിന്റെ ഫലമെന്ത്?*

പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ വൈദികൻ മായാത്ത ഒരു ആദ്ധ്യാത്മികമുദ്രയാൽ മുദ്രിതനായിരിക്കുന്നു. പുരേഹിതനായ ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുകയും ശിരസായ ക്രിസ്തുവിന്റെ നാമത്തിൽ പ്രവർത്തിക്കുവാൻ കഴിവുനല്കുകയും ചെയ്യുന്നു. മെത്രാൻ പട്ടത്തിന്റെ സഹപ്രവർത്തകർ എന്ന നിലയിൽ സുവിശേഷം പ്രസംഗിക്കുവാനും, ആരാധന ക്രമത്തിന്റെ ആഘോഷത്തിനും, പ്രത്യേകിച്ച് വിശുദ്ധ കുർബാന ആഘോഷത്തിനും വിശ്വാസികൾക്ക് ഇടയനായിരിക്കുവാനും വൈദികൻ അഭിഷിക്തനായിരിക്കുന്നു. വിശുദ്ധ കുർബാനയിൽ നിന്നാണ് തന്റെ ശുശ്രൂഷയ്ക്കുള്ള ശക്തി അവൻ സംഭരിക്കുന്നത്.

എന്തുകൊണ്ടാണ് ഈ കൂദാശയെ 'തിരുപ്പട്ടം' എന്നു വിളിക്കുന്നത്?

ഒരു പ്രത്യേക അഭിഷേകത്തിലൂടെ (പട്ടം കൊടുക്കൽ) ഒരു സഭാസമിതിയുടെ ഭാഗമാകുന്നതിനെയാണ് 'തിരുപ്പട്ടം' സൂചിപ്പിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേകദാനത്താൽ ദൈവജനസേവനത്തിനായി ക്രിസ്തുവിന്റെ നാമത്തിലും അധികാരത്തിലും നിർവ്വഹിക്കപ്പെടുന്ന 'വിശുദ്ധമായ അധികാര'വിനിയോഗത്തിന് ഇതു ശക്തിനൽകുന്നു.

*വൈദികൻ തന്റെ സ്വകീയ ശുശ്രൂഷ എങ്ങനെ നിർവഹിക്കുന്നു?*

ഒരു സാർവ്വത്രിക ദൗത്യത്തിനായാണ് പട്ടമേറ്റതെങ്കിലും വൈദികൻ ഒരു പ്രാദേശിക സഭയിലാണ് ആ ദൗത്യം നിർവഹിക്കുന്നത്. ഒരു പ്രാദേശിക സഭയിൽ "വൈദികഗണ"മായി രൂപാന്തരം പ്രാപിക്കുന്ന ആ സഭയിലെ മറ്റു വൈദികരുമായി കൗദാശിക സാഹോദര്യത്തിൽ ഈ ശുശ്രൂഷ നിർവഹിക്കുന്നു. മെത്രാനോടുള്ള കൂട്ടായ്മയിലും അദ്ദേഹത്തിന്റെ കീഴിലും അവർ പ്രാദേശിക സഭയിലൂടെ ഉത്തരവാദിത്വം ഏൽക്കുന്നു.

(തുടരും)

Mount St. Thomas, Kakkanad, Kochi 682 021
Correspondence: Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala
Ph: +91 4828 203080, 9447355512, 0484 2424768, Fax: 04828 206022
Chief Editor: Adv. V. C. Sebastian, Secretary, Commission for laity
e-mail: laitycommission@gmail.com, syromalabarchurchlaity@gmail.com
Website: www.laitycommission.com

LAYOUT: SHAIJU CHACKO